# പുതിയ പാഠ്യപദ്ധതി വിമർശനങ്ങൾ - കുറിപ്പ്

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 ന് അനുസൃതമായാണ് കേരളത്തിൽ ഇപ്പോൾ പാഠ്യപദ്ധതി പരിഷ്ക്കരണം നടന്നു വരുന്നത്.

പാഠപുസ്തകങ്ങളിലൂടെ മുൻകൂട്ടി തയ്യാറാക്കിയ അറിവുകൾ നൽകുന്നതിനുപകരം സമൂഹത്തിൽ നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളെ വിശകലനം ചെയ്ത് സ്വയം പുതിയ അറിവുകൾ നിർമ്മിക്കുന്ന പ്രക്രിയയാണ് പഠനം എന്നാണ് മേൽപ്പറഞ്ഞ രണ്ടു രേഖകളുടെയും കാഴ്ചപ്പാട്. തികച്ചും യാന്ത്രികമായ പഠനരീതി മാറ്റി പകരം കുട്ടികളുടെ ചിന്തയെ ഉദ്ദീപിപ്പിച്ച് ആശയരൂപീകരണം നടത്തുക എന്നതാണ് ഈ കാഴ്ചപ്പാടിന്റെ സവിശേഷത. ഈ പഠന രീതി സയൻസ്, ഗണിതം, ഭാഷകൾ എന്നിവയപ്പോലെതന്നെ സാമൂഹ്യശാസ്ത്രത്തിനും ഉചിതമാണ്. ഓരോ കുട്ടിയും ചിന്തിക്കുകയും അതുവഴി പഠനം നിർവ്വഹിക്കുകയും വളർച്ച നേടുകയും ചെയ്യണമെന്നാണ് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും കേരളപാഠ്യപദ്ധതി ചട്ടക്കൂടും ആഹ്വാനം ചെയ്യുന്നത്. ഈ കാഴ്ചപ്പാട് മുൻനിർത്തിയാണ് ഏഴാം ക്ലാസിലെ സാമൂഹ്യപാഠപുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിന്റെ ആദ്യഭാഗത്തിൽ മതവിരുദ്ധ പരാമർശങ്ങളോ രാഷ്ട്രീയപക്ഷപാതം സൂചിപ്പിക്കുന്ന ആശയങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വം എന്ന ആശയം കുട്ടികളിൽ ഉണ്ടാക്കുന്നതിനാണ് ഈ പാഠഭാഗം ഉദ്ദേശിക്കുന്നത്. എല്ലാ മതങ്ങളും മനുഷ്യനന്മയെ ലക്ഷ്യമാക്കുന്നു; സഹിഷ്ണുതയോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു; വിവിധ മതവിഭാഗങ്ങളിൽപെടുന്ന മനുഷ്യൻ ഒന്നിച്ചു ജീവിക്കേണ്ടതിന്റെ ആവശ്യകത എന്നീ ആശയങ്ങൾ പാഠഭാഗത്ത് ഊന്നിപ്പറഞ്ഞിട്ടുണ്ട് (പാഠപുസ്തകം പേജ് നമ്പർ 26 പ്രദർശനപ്പലക എന്ന പ്രവർത്തനം). എല്ലാ മതങ്ങളും മനുഷ്യനന്മയെ ലക്ഷ്യമാക്കുന്നു; പരസ്പരം സ്നേഹവും ബഹുമാനവും പുലർത്താൻ ആഹ്വാനം ചെയ്യുന്നു. എന്നിട്ടും മതത്തിന്റെ പേരിൽ മനുഷ്യൻ പോരടിക്കുന്നതിനെതിരെയുള്ള മനോഭാവം കുട്ടികളിൽ വളർത്തുന്നതിനുള്ള പ്രവർത്തനം ഈ ഭാഗത്ത് ചേർത്തിട്ടുണ്ട് (പേജ് നമ്പർ 27 'എന്നിട്ടും' എന്ന പ്രവർത്തനം) മതസൗഹാർദ്ദം, പരസ്പര വിശ്വാസം എന്നീ ആശയങ്ങൾക്കും പാഠഭാഗം ഊന്നൽ നൽകിയിട്ടുണ്ട്. മതനിരപേക്ഷതയ്ക്കും മതസൗഹാർദ്ദത്തിനും വിഘാതമായി നിൽക്കുന്ന സാമൂഹിക ഘടകങ്ങളെയും ഈ അധ്യായത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. പൊതുവെ മതം, സാമൂഹ്യഘടനയിൽ എങ്ങനെ വർത്തിക്കുന്നു എന്ന ധാരണ നൽകാനാണ് ഈ അധ്യായം ശ്രമിക്കുന്നത്. ഈ ഭാഗത്തിൽ കേരളത്തിലെ മതവിശ്വാസികളെ അപമാനിക്കുകയോ ഇകഴ്ത്തിക്കാണിക്കുകയോ ചെയ്യുന്ന ഒരു ഭാഗവും ഉൾക്കൊള്ളിച്ചിട്ടില്ല. മതം നിരർത്ഥകമാണ് എന്ന ആശയം ഉൾപ്പെടുത്തിയിട്ടുമില്ല. ഒരു മതത്തെയും സംബന്ധിക്കുന്ന തെറ്റായ ധാരണകൾ ഇതിൽ പരാമർശിക്കുന്നില്ല. മതസൗഹാർദ്ദവും മതസ്വാതന്ത്ര്യവും ഉയർത്തിക്കാണിക്കുന്ന ഉദാഹരണങ്ങളാണ് പാഠപുസ്തകത്തിൽ ചേർത്തിട്ടുള്ളത്. (ഉദാ. പേജ് നമ്പർ 25,26 എന്നിവയിലെ 'ആഘോഷങ്ങളുടെ നാട്, നന്മയിലേയ്ക്കുണരുക' എന്നീ ഭാഗങ്ങൾ). ജാതി, മതം എന്നിവയ്ക്കതീതമായി പ്രകൃതിദുരന്തങ്ങൾ മനുഷ്യനെയാണ് ബാധിക്കുന്നത് എന്നു ബോധ്യപ്പെടുത്താൻ വേണ്ടിയാണ് പേജ് നമ്പർ 27 ലെ അതൊന്നും എന്നെ ബാധിക്കില്ല എന്ന പ്രവർത്തനം കൊടുത്തിരിക്കുന്നത്. മതം നിലനിൽക്കുന്നതുകൊണ്ട് വർഗീയ ലഹളകൾ ഉണ്ടാകുന്നുണ്ട് എന്നോ മതം എന്നത് ഇല്ലാതായാൽ ജാതീയമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നോ പാഠപുസ്തകത്തിൽ പരാമർശമില്ല. അതുപോലെ പാഠപുസ്തകത്തിലെ ആശയങ്ങൾക്ക് അങ്ങനെ ഒരു ഉദ്ദേശവുമില്ല.

സ്വതന്ത്ര്യ ഇന്ത്യ മതനിരപേക്ഷതയെ എത്രമാത്രം പ്രാധാന്യത്തോടെ കാണുന്നു എന്ന് കുട്ടികളിലെത്തിക്കാനാണ് 25-ാം പേജിൽ ജവഹർലാൽ നെഹ്റുവിന്റെ മരണപത്രത്തിലെ ഭാഗം ഉൾക്കൊള്ളിച്ചിട്ടുള്ളത്. 2005 ലെ പരിഷ്കരിച്ച പാഠ്യപദ്ധതി അനുസരിച്ച് എൻ.സി.ഇ.ആർ.ടി. (ഡൽഹി) തയ്യാറാക്കിയ പാഠപുസ്തകങ്ങളിലും ഇത്തരം ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് (കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്)

ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനോ ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം ഭരണഘടനാദത്തമാണ്. ഇതിൽ ഒന്നുമാത്രം പുറത്തുപറഞ്ഞ് മറ്റേത് പുറത്തുപറയാതിരിക്കുന്നത് സത്യസന്ധമല്ല എന്നാണ് പാഠപുസ്തകത്തിലെ പേജ് 24 ൽ 'മതമില്ലാത്ത ജീവൻ' എന്ന ഭാഗം സൂചിപ്പിക്കുന്നത്. പാഠഭാഗത്തിൽ എവിടെയും മതവിരുദ്ധമായി ഒരു വാക്കുപോലുമില്ല. ഈശ്വരവിശ്വാസമോ നരീശ്വരവാദമോ ഒരിടത്തും ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. മതത്തിന്റെ നല്ല വശം വ്യക്തമാക്കൻ മഹാഭാരതം, ബൈബിൾ, നബിവചനം, ഗുരുനാനാക്ക് ഉദ്ധരണികൾ കുട്ടികൾക്ക് മനസ്സിലാകുന്നത്ര ലളിതമായി നൽകിയിട്ടുണ്ട് ( പേജ് നമ്പർ 25, 26) 'പ്രദർശനപ്പലക' (പേജ് 26) എന്ന തലക്കെട്ടിൽ മതങ്ങളെക്കുറിച്ച് പരാമർശിക്കുന്നത് ഇങ്ങനെയാണ് 'എല്ലാ മതങ്ങളും മനുഷ്യനന്മയെ ലക്ഷ്യമാക്കുന്നു. സഹിഷ്ണുതയോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു. വിവിധ മതവിഭാഗങ്ങളിൽപ്പെടുന്നവർ ഒന്നിച്ചു പ്രവർത്തിക്കുന്ന അനവധി സന്ദർഭങ്ങൾ നമുക്ക് കാണാനാകും.' എന്നിട്ടും പാഠപുസ്തകത്തിൽ മതവിരുദ്ധഭാഗങ്ങൾ ഉണ്ടെന്ന വാദം ഒട്ടും ശരിയല്ല.

### ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്രം പുസ്തകത്തെക്കുറിച് മാധ്യമങ്ങളിൽ വന്ന ആരോപണങ്ങളും വിശദീകരണങ്ങളും

? **സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള പരാമർശത്തിൽ (ഇനിയും മുന്നോട്ട്) ഗാന്ധിജിക്കും നെഹ്റുവിനും പ്രാധാന്യം കുറിച്ചിരിക്കുന്നു.**

തലക്കെട്ടടക്കം 14 പേജുള്ള ഈ പാഠഭാഗത്തിൽ (ഇനിയും മുന്നോട്ട് പേജ് 28 - 41) 4 പേജോളം ഗാന്ധിജി നേതൃത്വം കൊടുത്ത ഉപ്പുസത്യാഗ്രഹവും ക്വിറ്റ് ഇന്ത്യാസമരവുമാണ് പരാമർശിക്കുന്നത്. മാത്രമല്ല ബഹുജനപങ്കാളിത്തത്തിന്റെ തലവും അതിന്റെ ജനകീയതയുമാണ് ഈ മേഖലയിലെ ആശയപരമായ ഊന്നൽ.

ഇന്ത്യ സ്വതന്ത്രയായതിന്റെ ലക്ഷ്യം പരാമർശിക്കുന്ന നെഹ്രുവിന്റെ പാർലമെന്റ് പ്രസംഗത്തിന്റെ ഉള്ളടക്കം നേരിട്ട് നൽകിയിരിക്കുന്നു (പേജ് 39).

? **ജവഹർലാൽ നെഹ്റുവിന്റെ പ്രാധാന്യം കുറച്ച് അവതരിപ്പിച്ചു**

ജവഹർലാൽ നെഹ്റു എന്ന വ്യക്തിയുടെ പ്രഭാവം വിവരിക്കുന്നതിനേക്കാൾ അദ്ദേഹം മുന്നോട്ട് വെച്ച ആശയങ്ങളുടെ ഗരിമ തെളിയിക്കുന്ന വിവരങ്ങൾ നൽകാനാണ് പാഠപുസ്തകം ശ്രമിക്കുന്നത്. ഇനിയും മുന്നോട്ട്, മനുഷ്യത്വം വിളയുന്ന ഭൂമി എന്നീ രണ്ടു പാഠഭാഗങ്ങളും വായിച്ചാൽ (പേജ് 28, 39) നെഹ്റുവിന്റെ ആശയങ്ങൾക്കു നൽകിയ പ്രാധാന്യം ബോധ്യപ്പെടും. രണ്ട് ഭാഗത്തും നെഹ്റുവിന്റെ ഫോട്ടോയും ചിത്രീകരണവും ചേർത്തിട്ടുണ്ട്.

? **ജാതീയവിവേചനത്തിന്റെ പേരിൽ ഏതെങ്കിലും കുട്ടികൾ ഇന്നും സ്കൂളിൽ വരാതിരിക്കുന്നുണ്ടോ എന്ന ചോദ്യം (മനുഷ്യത്വം വിളയുന്ന ഭൂമി അധ്യായം : 2) വർഗീയത വളർത്തുന്നതാണ്.**

മനുഷ്യന് പട്ടിയുടെ പദവിപോലും നൽകാതിരുന്ന അയിത്താചാരകാലത്തെ ഇന്നും ആദരിക്കുന്ന വർക്കേ ഈ ചോദ്യത്തിൽ വർഗീയത കാണാൻ കഴിയൂ. ജാതിമതവിവേചനമില്ലാതെ എല്ലാവർക്കും സ്കൂളിൽ വരാൻ കഴിയുന്നുവെന്ന കുട്ടിയുടെ ഉത്തരം വർഗീയത വളർത്തുന്നതല്ല.

? **സ്കൂളിൽ ചേർക്കാനായി മാതാപിതാക്കളോടൊപ്പം എത്തുന്ന കുട്ടിയെ ഹെഡ്മാസ്റ്റർ നിരീശ്വര വാദം തന്നെ പഠിപ്പിച്ചു തുടങ്ങണമെന്ന വിദ്യാഭ്യാസവകുപ്പിന്റെ കണ്ടെത്തൽ കേരളം കണ്ട ഏറ്റവും വലിയ നിർഭാഗ്യമാണ്.**

ഹെഡ്മാസ്റ്റർ നിരീശ്വരവാദം പഠിപ്പിച്ചു തുടങ്ങണമെന്ന കണ്ടെത്തൽ വിദ്യാഭ്യാസവകുപ്പ് നടത്തി എന്ന പരാമർശം പാഠപുസ്തകം കാണാത്തവരെ തെറ്റിദ്ധരിപ്പിക്കാൻ ബോധപൂർവ്വമുള്ളതാണ്. പേജ് 24 (അധ്യായം 2, മനുഷ്യത്വം വിളയുന്ന ഭൂമി) വായിക്കുക. മതം ചേർക്കേണ്ടെ എന്നാണ് ഹെഡ്മാസ്റ്റർ ചോദിക്കുന്നത്. ഇപ്പോൾ വേണ്ട എന്നു പറയുന്ന രക്ഷിതാവ് പക്ഷേ മതത്തെ നിരസിക്കുന്നുമില്ല. വേണമെന്നു തോന്നുമ്പോൾ ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കട്ടെയെന്നാണ് മറുപടി പറയുന്നത്. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനോ ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം ഭരണഘടനാദത്തമാണ്. ഇതിൽ ഒന്നു മാത്രം പുറത്ത് പറഞ്ഞ് മറ്റേത് ഗോപ്യമാക്കിവെയ്ക്കണം എന്ന താല്പര്യം സത്യസന്ധമല്ല.

പാഠഭാഗത്തിൽ എവിടെയും മതവിരുദ്ധമായി ഒരു വാക്കുപോലുമില്ല. ഈശ്വരവിശ്വാസമോ നിരീശ്വര വാദമോ ഒരിടത്തും ചർച്ചയ്ക്ക് വിധേയമാക്കുന്നുമില്ല. മതത്തിന്റെ നല്ലവശം വ്യക്തമാക്കാൻ മഹാഭാരതം, ബൈബിൾ, നബിവചനം, ഗുരുനാനാക്ക് ഉദ്ധരണികൾ കുട്ടിക്ക് മനസ്സിലാവുന്നത്ര ലളിതമായത് നൽകിയിട്ടുണ്ട് (പേജ് 25, 26) പ്രദർശനപ്പലക എന്ന തലക്കെട്ടിൽ (പേജ് 26) മതങ്ങളെക്കുറിച്ച് പരാമർശിക്കുന്നത് ഇങ്ങനെയാണ്. എല്ലാ മതങ്ങളും മനുഷ്യനന്മയെ ലക്ഷ്യമാക്കുന്നു. സഹിഷ്ണതയോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു. വിവിധ മതവിഭാഗങ്ങളിൽപ്പെടുന്ന ജനങ്ങൾ ഒന്നിച്ചു പ്രവർത്തിക്കുന്ന നിരവധി സന്ദർഭങ്ങൾ നമുക്കു കാണാനാവും. എന്നിട്ടും പാഠപുസ്തകത്തിൽ മതവിരുദ്ധഭാഗങ്ങളുണ്ടെന്ന വാദം ശരിയല്ല.

? **നെഹ്റു ഒരു നാളും മതത്തേയും മതവിശ്വാസികളേയും എതിർത്തിട്ടില്ല. എല്ലാ മതങ്ങളേയും ആദരിച്ചിരുന്ന രാഷ്ട്രശില്പിയാണ്.**

(ദീപിക - മെയ് 25)

ഇത് പാഠപുസ്തകം നിഷേധിക്കുന്നില്ല. എന്നാൽ മതത്തെ സംബന്ധിച്ച നെഹ്റുവിന്റെ നിലപാട് കുട്ടികൾക്ക് ബോധ്യപ്പെടാൻ ഏറ്റവും അനുയോജ്യമാണ് അദ്ദേഹത്തിന്റെ മരണപത്രത്തിലെ വരികൾ ഇതു എടുത്തു നൽകുക മാത്രമാണ് പാഠപുസ്തകം ചെയ്തത്.

നെഹ്റു മതവിശ്വാസികളെ എതിർത്തുവെന്ന് പാഠഭാഗത്തിൽ പരാമർശമില്ല. സ്വന്തം മരണാനന്തരചടങ്ങിൽ മതപരമായ ചടങ്ങുകൾ പാടില്ലെന്ന് നിഷ്കർഷിച്ചത് ചരിത്രരേഖയാണ്.

കേന്ദ്രസർക്കാർ എൻ.സി.ഇ.ആർ.ടി.ക്കുവേണ്ടി പ്ലസ് വൺ ക്ലാസിൽ തയ്യാറാക്കിയ രാഷ്ട്രമീമാംസ (political science) പുസ്തകത്തിൽ സമാനമായ ആശയങ്ങൾ നൽകിയിട്ടുണ്ട്.

? **സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത വീരധീര ദേശാഭിമാനികളെ പരിചയപ്പെടുത്താതെ വിപ്ലവചിന്തകൾ പങ്ക് വെയ്ക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് തന്ത്രം മാത്രമേ ഈ അധ്യായത്തിലുള്ളൂ (അധ്യായം 3)**

(ദീപിക- മെയ് 26)

ഈ പാഠഭാഗത്തിൽ പരാമർശിക്കുന്ന മംഗൾപാണ്ഡെ, പീർ മുഹമ്മദ്, ഭഗത് സിങ്ങ്, മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു തുടങ്ങിയവരൊന്നും വീരധീര ദേശാഭിമാനികളല്ലെന്ന വാദം സദുദ്ദേശ്യപരമല്ല. മുകളിൽ പറഞ്ഞവരുടെയും പരാമർശിക്കപ്പെടാൻ കഴിയാതെപോയ ആയിരക്കണക്കിന് ധീരദേശാഭിമാനികളുടെയും അസംഖ്യം മനുഷ്യസ്നേഹികളുടെയും കൂട്ടായ ശ്രമഫലമാണ് സ്വാതന്ത്ര്യം എന്ന വീക്ഷണമാണ് പുസ്തകരചനയിൽ പുലർത്തിയിരിക്കുന്നത്.

**? വടക്കേ മലബാറിലെ കമ്മ്യൂണിസ്റ്റ് അതിക്രമങ്ങളെ കർഷകസമരമാക്കി പവിത്രവൽക്കരിക്കുകയാണ്.**

കർമ്മസമരങ്ങൾ മുഴുവൻ കമ്മ്യൂണിസ്റ്റ് അതിക്രമസമരങ്ങളായിരുന്നുവെന്ന് അക്കാലത്തെ ജന്മിമാർക്കുപോലും അഭിപ്രായമുണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടികൾ കേരളത്തിൽ നയിച്ച സമരങ്ങൾ പാഠപുസ്തകത്തിൽ ചേർത്തില്ലെങ്കിൽ ആരും അറിയില്ലെന്നും അവയൊക്കെ പാഠപുസ്തകത്തിൽ ചേർത്ത് പവിത്രവൽക്കരിക്കാമെന്നും ഉള്ള ചന്തയും പ്രചരണവും ചരിത്രബോധത്തെ നിരാകരിക്കലാണ്. ആധുനിക സമൂഹം രൂപപ്പെട്ടതിന്റെ പിന്നിൽ നിരവധി സമരചരിത്രങ്ങളുണ്ട് എന്നും, അവയുടെ പുതിയ ഫലങ്ങളാണ് ഇന്നത്തെ കേരള രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലം എന്നും കുട്ടികൾക്ക് ചിന്തിക്കാൻ അവസരം നൽകുകയാണ് പാഠഭാഗം നിർവഹിക്കുന്ന ധർമ്മം.

**? എ.കെ.ജി. യുടെ ആത്മകഥ ഉൾപ്പെടുത്തുമ്പോൾ പട്ടം താണുപിള്ള, ആർ. ശങ്കർ, സി. എച്ച്. മുഹമ്മദ് കോയ, സി. അച്ചുതമേനോൻ തുടങ്ങിയവരെ പരാമർശിക്കുന്നില്ല.**

എ.കെ.ജി. യുടെ ആത്മകഥ പഠിപ്പിക്കാനല്ല ഈ ഭാഗം (പേജ് 9) ആ കാലഘട്ടത്തിലെ കർഷകരുടെ ജീവിതാവസ്ഥ കുട്ടികൾക്കു മനസ്സിലാക്കാനാണ്. എ.കെ.ജി.യുടെ വ്യക്തിജീവിതത്തിലെയോ രാഷ്ട്രീയ ജീവിതത്തിലെയോ ഒരംശം പോലും ഉള്ളടക്കത്തിലില്ല. പട്ടം താണുപിള്ള, ആർ. ശങ്കർ, സി. എച്ച്. മുഹമ്മദ് കോയ, സി. അച്ചുതമേനോൻ എന്നിവരെക്കുറിച്ചോ എ.കെ.ജി. യുടെ ജീവിതത്തെക്കുറിച്ചോ പരാമർശിക്കാവുന്ന ഒരു സന്ദർഭമല്ല ഇതെന്ന് പാഠഭാഗം വായിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടും. ഇവിടെ ജന്മികുടിയാൻ ബന്ധം നിലനിന്നിരുന്ന കാലഘട്ടത്തിലെ കർഷകരുടെ ജീവിതമാണ് പഠിക്കാനുള്ളത്. അതിന് ഇതിനേക്കാൾ യോഗ്യമായ പുസ്തകഭാഗങ്ങൾ, ചരിത്രരേഖകൾ ഇവ ചൂണ്ടിക്കാട്ടാൻ വിമർശിക്കുന്നവർക്ക് ബാധ്യതയുണ്ട്. എ.കെ.ജി. യുടെ വലിയ ഫോട്ടോ അടക്കമുള്ള രാഷ്ട്രീയ പ്രവർത്തനചരിത്രം പഴയ അഞ്ചാം ക്ലാസ് സാമൂഹ്യശാസ്ത്രത്തിലുണ്ട്.

**? ശാസ്ത്ര സാഹിത്യ പരിഷത്തും കമ്മ്യൂണിസ്റ്റ് അധ്യാപകരും തയ്യാറാക്കിയ വസ്തുതകൾ കരിക്കുലം കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.**

(ഇന്ത്യൻ യൂണിയൻ മുസ്ലീം യൂത്ത് ലീഗ് - ചന്ദ്രിക, മാധ്യമം ജൂൺ 4)

ഈ പുസ്തകരചനയിൽ പങ്കെടുത്തവർ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും പുസ്തകരചനയിൽ പങ്കെടുത്തിട്ടുണ്ട്. മത്സര പരീക്ഷനടത്തി യോഗ്യരായവരെ തെരഞ്ഞെടുത്താണ് പുസ്തക രചനയ്ക്ക് നിയോഗിച്ചത്. തെരഞ്ഞെടുപ്പിൽ, അവർ പ്രവർത്തിക്കുന്ന സംഘടന മാനദണ്ഡമല്ലായിരുന്നു. കരിക്കുലം കമ്മിറ്റി അംഗീകരിക്കുകയും അതിനു മുമ്പായി കരിക്കുലം കമ്മിറ്റി അംഗങ്ങൾ ഉൾപ്പെട്ട സബ്ജക്റ്റ് കമ്മിറ്റി വിശദമായി പരിശോധിക്കുകയും ചെയ്തശേഷമാണ് പുസ്തകങ്ങൾ അച്ച

ടിക്കാൻ നൽകുന്നത്. 7-ാം തരത്തിലെ സാമൂഹ്യശാസ്ത്രം പുസ്തകവും ഇതിനെല്ലാം വിധേയമായതാണ്.

? **ഏഴാം ക്ലാസ്സിലെ പുതിയ സാമൂഹ്യപാഠം പുസ്തകം മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നു.**

(സമസ്ത കേരളം ജം ജയത്തുൽ മും അല്ലിമീൻ ചന്ദ്രിക മെയ് 30)

മിശ്രവിവാഹം പ്രോത്സാഹിപ്പിക്കാൻ പാടില്ലാത്തതാണ് എന്ന നയം സർക്കാരിനുള്ളതായി അറിവില്ല. മിശ്രവിവാഹിതർക്ക് സാമ്പത്തിക സഹായം നൽകാനും, സംവരണ സംരക്ഷണം നൽകാനും സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ മിശ്രവിവാഹിതരായ ദമ്പതികൾക്ക് ഒരേ സ്ഥലത്തു നിയമനം നൽകാനും നിലവിൽ വ്യവസ്ഥയുണ്ട്. ഇത് എൽ.ഡി.എഫിന്റെയോ യു.ഡി.എഫിന്റേയോ നയമല്ല. കേരള സർക്കാരിന്റെ നയമാണ്.

? **ക്ഷാമകാലത്ത് കരിവള്ളൂരിൽ നിന്ന് പോലീസ് സഹായത്തോടെ നെല്ല് കടത്താൻ ശ്രമിച്ച ജന്മിമാർക്കെതിരെ ജനങ്ങൾ സംഘടിപ്പ സംഭവം ചരിത്രത്തെ വളച്ചൊടിച്ചതാണ്.**

കേരളത്തിൽ നടന്ന കർഷകസമരങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കരിവെള്ളൂരിലെ കർഷക സമരം. മലബാറിന്റെ ഇതരഭാഗങ്ങളിൽ ക്ഷാമകാലത്ത് ഭക്ഷ്യധാന്യം എത്തിക്കാൻ ബ്രിട്ടീഷ് സർക്കാർ ശ്രമിച്ചതിനെ തടഞ്ഞ അക്രമപ്രവർത്തനമായി ഈ സമരത്തെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത് ദുരുദ്ദേശ്യപരമാണ്. സമാനമായ സമരങ്ങൾ അക്കാലത്ത് മലബാറിന്റെ ഇതരഭാഗങ്ങളിലും നടന്നിട്ടുണ്ട്. ചരിത്രപ്രാധാന്യമുള്ള പല ജനമുന്നേറ്റങ്ങളെയും തെറ്റായി വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾ ബ്രിട്ടീഷ് ചരിത്രകാരന്മാർ നടത്തിയിട്ടുണ്ട്. എന്നാൽ കരിവെള്ളൂർ സമരത്തിനു നൽകിയ പുതിയ വ്യാഖ്യാനം ഇദംപ്രഥമാണ്. ജന്മിവ്യവസ്ഥയും കൊളോണിയൽ ഭരണവും ഒത്തുചേർന്ന് കേരളത്തിലെ കാർഷികമേഖലയിൽ സൃഷ്ടിച്ച അസ്വസ്ഥതകൾ ചരിത്രപഠനത്തിന്റ ഭാഗമായി തിരിച്ചറിയേണ്ടതുണ്ട്. ആരോഗ്യകരമായ ബന്ധങ്ങളിലൂടെ കാർഷികമേഖലയെ ശക്തിപ്പെടുത്താനുള്ള കരുത്ത് പുതിയ തലമുറയിൽ വളരണം. അത്തരം മനോഭാവങ്ങൾ വളർത്താൻ പാഠഭാഗം സഹായകമാകും.

? **പാഠഭാഗങ്ങൾ മതനിരാസത്തിനും മതംമാറ്റത്തിനും പ്രേരിപ്പിക്കുന്നു**

പേരുകൊണ്ട് മുസ്ലീമായ അച്ഛനും ഹിന്ദുവായ അമ്മയും മകന്റെ സ്കൂൾ രേഖയിൽ മതം ചേർക്കേണ്ടതില്ലെന്നും പറയുന്ന ഒരു സന്ദർഭം പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രായപൂർത്തിയാകുമ്പോൾ കുട്ടിക്ക് ഇഷ്ടപ്പെട്ട മതം സ്വീകരിക്കാമെന്ന അഭിപ്രായമാണ് അച്ഛനമ്മമാർ പ്രകടിപ്പിച്ചത്. ഇതിൽ മതനിരാസത്തിന്റെയൊ മതം മാറ്റലിന്റെയോ സൂചനകൾ ഇല്ല. എല്ലാ മതങ്ങളിലെയും നല്ല അംശങ്ങൾ സ്വീകരിക്കുമ്പോൾതന്നെ മതത്തിന്റെ പേരിലുള്ള വിഭാഗീയതയ്ക്കും സംഘർഷങ്ങൾക്കും എതിരായ മനോഭാവം കുട്ടികളിൽ വളർന്നുവരേണ്ടതുണ്ട്. സാമൂഹിക ജീവിതത്തിൽ ഒഴിവാക്കാൻ കഴിയാത്തതാണ് മതം എന്ന വിശ്വാസം വളർന്നുവരാൻ പാടില്ല. മതപരമായ ഉദ്ബോധനങ്ങൾ ഏറെയും മാനവനന്മ ലക്ഷ്യംവെയ്ക്കുന്നവയാണ്. എന്നാൽ മതം മാനവസൗഹൃദത്തിന് തടസ്സമാകുന്ന ഒന്നായി പരിണമിക്കാതിരിക്കാൻ മറിച്ചുള്ള ചിന്തകളും ആവശ്യമായി വരും.

? **1924 ലെ ഒരു സ്കൂൾ രജിസ്റ്ററിന്റെ പകർപ്പുനൽകികൊണ്ട്, അന്ന് വിദ്യാഭ്യാസത്തിന് എത്തിയിരുന്നവരെല്ലാം നായർ സമുദായക്കാരാണെന്നു തെളിയിക്കുന്നതിലൂടെ ജാതീയമായ വൈരം വളർത്താൻ ശ്രമിക്കുന്നു.**

കേരളത്തിലെ സാമൂഹിക പുരോഗതി വിദ്യാഭ്യാസ വ്യാപനത്തെയും വിദ്യാഭ്യാസ പുരോഗതി സാമൂഹിക നവോത്ഥാനത്തെയും എങ്ങനെ സ്വാധീനിച്ചിരുന്നുവെന്ന് വ്യക്തമാക്കാനാണ് ഈ പ്രവർത്തനം നൽകിയിട്ടുള്ളത്. ഒരു കാലത്ത് ഉയർന്ന ജാതിയിൽപ്പെട്ടവർ മാത്രമേ സ്കൂളുകളിൽ പഠിക്കാൻ എത്തിയിരുന്നുള്ളു എന്നതാണ് വേറെയും തെളിവുകളുണ്ട്. വിദ്യാലയ പ്രവേശനത്തിനു വേണ്ടി അയ്യങ്കാളി നടത്തിയ സമരങ്ങളും ഓർക്കാവുന്നതാണ്. സ്കൂളുകളിലെ കൊഴിഞ്ഞുപോക്കും കൂടുതലായിരുന്നു. കേരളത്തിൽ നിലനിന്നിരുന്ന സാമൂഹികാവസ്ഥ പഠനവിധേയമാക്കുന്നത് അനാരോഗ്യകരമായ ഏതെങ്കിലും പ്രവണതകളിലേക്ക് വഴിതെളിക്കും എന്നും ഭയപ്പെടുന്നതിൽ അർത്ഥമില്ല.

? **മാപ്പിള ലഹള ഒരു മതകലാപമായിരുന്നു. അതിന് സ്വാതന്ത്ര്യസമരവുമായി ബന്ധമില്ല. അതിനാൽ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ല.**

കേരളത്തിൽ നടന്ന പല സമരങ്ങളെയും തെറ്റായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. മാപ്പിള ലഹള എന്ന് സമരത്തെ വിശേഷിപ്പിക്കുന്നതുതന്നെ അത്തരമൊരു ലക്ഷ്യത്തോടെയാണ്. മാപ്പിള ലഹളയ്ക്ക് പുറമേ ചാന്നാർ ലഹളയും പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സമരങ്ങളൊക്കെത്തന്നെ സ്വതന്ത്ര്യത്തിനും സാമൂഹിക നവോത്ഥാനത്തിനും വേണ്ടി നടന്ന മുന്നേറ്റങ്ങളാണ്. സങ്കുചിത താല്പര്യങ്ങളുടെ പേരിൽ കോളോണിയൽ ചരിത്രകാരന്മാരെയും അധീശവർഗ പണ്ഡിതന്മാരെയും ഉദ്ധരിച്ച് ചരിത്രത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ജന്മിത്തം പോലുള്ള അവസ്ഥാവിശേഷങ്ങൾ പുനഃസ്ഥാപിക്കാനുള്ള ആഗ്രഹത്തിന്റെ പ്രേരണകൊണ്ടാണ്. ഇവയെ ചെറുത്തുതോൽപ്പിക്കുക എന്ന ധർമ്മം വിദ്യാഭ്യാസത്തിനുണ്ട്.